***ഭരണഭാഷ-മാതൃഭാഷ***

നമ്പർ. എച്ച്(2)/34017/17/ഡി.പി.ഐ

പൊതുവിദ്യാഭ്യാസഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി: 14-06-2017.

പ്രേഷിതാവ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

സർ,

വിഷയം:- പൊതുവിദ്യാഭ്യാസം - എയ്ഡഡ് - പുനർവിന്യസിക്കപ്പെട്ട സംരക്ഷിതാദ്ധ്യാപകരെ മാതൃവിദ്യാലയത്തിലേക്ക് തിരികെ വിളിക്കുന്നതു സംബന്ധിച്ച്.

സൂചന:- 27/05/2017-ലെ സർക്കാർ കത്ത് നമ്പർ 70241/ജെ2/2015/പൊ.വി.വ.

*****

പരാമർശ വിഷയത്തെ സംബന്ധിച്ച താഴെപ്പറയുന്ന വിവരങ്ങൾ അറിയിക്കുന്നു.

പുനർവിന്യസിക്കപ്പെട്ട സംരക്ഷിതാധ്യാപകരുടെ മാതൃവിദ്യാലയങ്ങളിൽ ഒഴിവുകളുണ്ടായിട്ടും അവരെ തിരികെ വിളിക്കുന്ന കാര്യത്തിൽ വിദ്യാഭ്യാസ ഓഫീസർമാർ ഉത്തരവുകൾ നൽകുന്നില്ലെന്ന് വിവിധ കോണുകളിൽ നിന്നു പരാതികൾ ഉയരുന്നുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ നാളുകളിൽ സ്കൂളിൽ അധ്യാപകരില്ലാത്ത അവസ്ഥ ഉണ്ടാകരുതെന്ന് നിരവധി അറിയിപ്പുകൾ നൽകിയിരുന്നതാണ്. ആയതിനാൽ 2017-18 വർഷത്തെ ആറാം സാദ്ധ്യായ ദിനത്തിലെ കുട്ടികളുടെ എണ്ണം പരിശോധിച്ച് ഉറപ്പുവരുത്തിക്കൊണ്ട് പുനർ വിന്യസിക്കപ്പെട്ട സംരക്ഷിതാധ്യാപകരെ മാതൃവിദ്യാലയത്തിലെ നിലവിലുള്ള ഒഴിവുകളിലേക്ക് (അധിക തസ്തികകൾ ഒഴികെ) അടിയന്തരമായി തിരികെ വിളിക്കാൻ വിദ്യാഭ്യാസ ഉപഡയറക്ടർമാർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച ശിപാർശകൾ ജൂൺ 14,15 തീയതികളിലായി എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും വിദ്യാഭ്യാസ ഉപഡയറക്ടർക്കു സമർപ്പിക്കേണ്ടതും, വിദ്യാഭ്യാസ ഉപഡയറക്ടർമാർ **ജൂൺ 17 ന് മുൻപ്** ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്. അധ്യാപക പാക്കേജ്

(മറുപുറം).

വഴി നിയമിതരായ ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരെയും ഒഴിവുകളുണ്ടെങ്കിൽ ഇപ്രകാരം തിരികെ അയക്കാവുന്നതാണ്.

2017-18 വർഷത്തെ അധിക തസ്തികകൾക്ക് ജുലൈ 15 മുതൽ മാത്രമേ പ്രാബല്യമു ള്ളുവെന്നതിനാൽ പ്രസ്തുത ഒഴിവുകളിലേക്ക് സംരക്ഷിതാദ്ധ്യാപകരെ തിരികെ വിളിച്ച് പ്രവേശനം നൽകേണ്ടത് 15.07.2017 മുതലായിരിക്കണം എന്ന കാര്യവും ഓർമ്മിപ്പിക്കുന്നു. ഇപ്പോൾ അവരെയും തിരികെ വിളിച്ചാൽ 14-07-2017 വരെ ശമ്പളം നൽകാൻ കഴിയാത്ത സ്ഥിതി സംജാതമാകും.

അധിക തസ്തികകൾ ഒഴികെയുള്ള മുഴുവൻ ഒഴിവുകളിലും 19-06-2017 നകം അർഹതയുള്ള സംരക്ഷിതാധ്യാപകരെല്ലാം അവരുടെ മാതൃവിദ്യാലയങ്ങളിൽ ജോലിയിൽ പുന:പ്രവേശിച്ച കാര്യം എല്ലാ വിദ്യാഭ്യാസ ഓഫീസർമാരും ഉറപ്പു വരുത്തണമെന്നും അറിയിക്കുന്നു.

പൊതുവിദ്യാഭ്യാസ മേഖലയിൽ ഉണ്ടായിട്ടുള്ള നവോന്മേഷം നിലനിർത്താൻ താങ്കളുടെ ആത്മാർത്ഥതയോടെയുള്ള പരിശ്രമം അഭ്യർത്ഥിച്ചു കൊണ്ട്,

വിശ്വസ്തതയോടെ,

ജെസ്സി ജോസഫ്,
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

എ..ആർ.14;6